# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ (i/c) യുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. എ. ഗീത)*

**എൽ.ആർ.എൻ1/400/2018** **തീയതി :16-08-2018**

വിഷയം : റവന്യൂ വകുപ്പ് - **ഹയർ സർവ്വെ പരിശീലനം** -തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ- ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**സൂചന :** 1 ഈ കാര്യാലയത്തിലെ 25-05-2018, 31-05-2018, എന്നീ തീയതികളിലെ എൽ.ആർ.(എൻ.1) 400/2018 എന്നീ നമ്പർ നടപടിക്രമങ്ങൾ

2 11-07-2018 - ന് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഹയർ സർവ്വെ പാഠ്യപദ്ധതിയിൽ മോഡേൺ സർവ്വെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടത്തിയ യോഗത്തിന്റെ മിനിട്ട്സ്.

സൂചന നടപടിക്രമങ്ങൾ പ്രകാരം തിരുവനന്തപുരം കേന്ദ്രത്തിൽ 01-06-2018 മുതൽ നടന്നുവന്ന ഹയർ സർവ്വെ പരിശീലനം 31-07-2018-ന് അവസാനിച്ചിരിക്കുകയാണ്. സൂചന (2) പ്രകാരം 24-03-2015 -ലെ ജി.ഒ.(പി) 123/2015/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പരിഷ്ക്കരിച്ച പാഠ്യപദ്ധതി പ്രകാരം ഹയർ സർവ്വെ പരിശീലനം നടപ്പിലാക്കുവാൻ ഐ.എൽ.ഡി.എം., സർവ്വെയും ഭൂരേഖയും, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത യോഗത്തിൽ ധാരണയായി. ആയതിന്റെ അടിസ്ഥാനത്തിൽ 03-09-2018 - മുതൽ 31-10-2018 - വരെ മോഡേൺ സർവ്വെ ഉൾക്കൊള്ളിച്ച ഹയർ സർവ്വെ പരിശീലനം തിരുവനന്തപുരം കേന്ദ്രത്തിൽ ആരംഭിക്കുവാനും പഠനോപകരണങ്ങൾ സജ്ജമാക്കുന്നതുവരെ കോഴിക്കോട് കേന്ദ്രത്തിലെ ഹയർ സർവ്വെ പരിശീലനം താല്ക്കാലികമായി നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. താഴെ പറയുന്ന ജീവനക്കാരെ ഹയർ സർവ്വെ പരിശീലനത്തിനായി നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

## തിരുവനന്തപുരം

| ക്രമ നം. | പേര് | PEN നമ്പർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|
| 1 | എൻ. ഗോപാലകൃഷ്ണൻ നായർ | 106758 | ഡെപ്യൂട്ടി തഹസിൽദാർ | തിരുവനന്തപുരം |
| 2 | ബൈജു. ജി | 105617 | വില്ലേജ് ഓഫീസർ | തിരുവനന്തപുരം |
| 3 | രാജേന്ദ്രൻ എസ്. | 126061 | വില്ലേജ് ഓഫീസർ | തിരുവനന്തപുരം |
| 4 | രാജു. എൻ | 165165 | വില്ലേജ് ഓഫീസർ | കൊല്ലം |
| 5 | വിനോദ് കുമാർ. വി | 126376 | വില്ലേജ് ഓഫീസർ | കൊല്ലം |
| 6 | അനിൽ കുമാർ. വി. | 563352 | വില്ലേജ് ഓഫീസർ | കൊല്ലം |
| 7 | കെ.വി. രഞ്ജീവ് | | ജൂനിയർ സൂപ്രണ്ട് | ആലപ്പുഴ |
| 8 | ഷാജി. എസ്. | | റവന്യൂ ഇൻസ്പെക്ടർ | ആലപ്പുഴ |
| 9 | സിമി ഷറഫുദ്ദീൻ | | വില്ലേജ് ഓഫീസർ | ആലപ്പുഴ |
| 10 | സുഭാഷ്. റ്റി. കെ. | | വാല്യൂവേഷൻ അസി. | കോട്ടയം |
| 11 | ആലീസ് ജോൺ | | റവന്യൂ ഇൻസ്പെക്ടർ | കോട്ടയം |
| 12 | ശ്രീലത പണിക്കർ | | വില്ലേജ് ഓഫീസർ | കോട്ടയം |
| 13 | സത്താർ. എസ്. | 125888 | വില്ലേജ് ഓഫീസർ | ഇടുക്കി |
| 14 | നിഷാന്ത് മോഹൻ | 419723 | ഡെപ്യൂട്ടി തഹസിൽദാർ | കെ.എഫ്.സി. എറണാകുളം |
| 15 | സൈജു പോൾ | 197957 | ഡെപ്യൂട്ടി തഹസിൽദാർ | എറണാകുളം |

| | | | | |
|---|---|---|---|---|
| 16 | ബിന്ദു. വി. എസ്. | 252337 | ഡെപ്യൂട്ടി തഹസിൽദാർ | എറണാകുളം |
| 17 | അബ്ദുൾ സലാം. പി. എം. | 374045 | ഡെപ്യൂട്ടി തഹസിൽദാർ | എറണാകുളം |
| 18 | സുധാകരൻ വി. | 436953 | ഡെപ്യൂട്ടി തഹസിൽദാർ | പാലക്കാട് |
| 19 | വത്സലൻ. സി. കെ. | 346585 | ഡെപ്യൂട്ടി തഹസിൽദാർ | മലപ്പുറം |
| 20 | സുരേഷ്. കെ. | 346550 | ഡെപ്യൂട്ടി തഹസിൽദാർ | മലപ്പുറം |
| 21 | രഞ്ജിത്ത് പി. | 108086 | വില്ലേജ് ഓഫീസർ | മലപ്പുറം |
| 22 | ഓമനക്കുട്ടൻ. എസ്. | 106522 | റവന്യൂ ഇൻസ്പെക്ടർ | കോഴിക്കോട് |
| 23 | മിനി. ഐ.റ്റി | 126527 | റവന്യൂ ഇൻസ്പെക്ടർ | കോഴിക്കോട് |
| 24 | റിച്ചസ് എ.കെ. | 106624 | റവന്യൂ ഇൻസ്പെക്ടർ | കോഴിക്കോട് |
| 25 | മനോഹരൻ. റ്റി | | ജൂനിയർ സൂപ്രണ്ട് | കണ്ണൂർ |
| 26 | മാനസ്സൻ. ജി | | ജൂനിയർ സൂപ്രണ്ട് | കണ്ണൂർ |
| 27 | ജഗദീഷ് എം. സി | | ജൂനിയർ സൂപ്രണ്ട് | കണ്ണൂർ |

മേൽ പരാമർശിക്കുന്ന ജീവനക്കാരെ 03-09-2018-ന് രാവിലെ 10-മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം, മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഹയർ സർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ റിലിംഗ്വിഷ്മെന്റിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം അതിനാധാരമായി വ്യക്തമായ കാരണമുണ്ടെന്ന, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോദ്ധ്യം വന്നാൽ മാത്രമേ മേലധികാരി ആയത് പരിഗണിക്കേണ്ടതുള്ളു. പരിഗണനാർഹമായ അപേക്ഷകളുണ്ടെങ്കിൽ ഈ ഉത്തരവ് ലഭിച്ച് രണ്ട് ദിവസത്തിനകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം/റിലിംഗ്വിഷ്മെന്റ് വിവരം നിശ്ചയമായും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ജോയിന്റ് കമ്മീഷണർ (i/C)

കക്ഷികൾക്ക്

(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്,തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/കണ്ണൂർ.
4. ഐ.ടി. സെൽ
5. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്